**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4071** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ പാലങ്ങളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ കീഴിലുള്ള എറണാകുളം-ബോൾഗാട്ടി, ബോൾഗാട്ടി-വല്ലാർപാടം, വല്ലാർപാടം-വൈപ്പിൻ തുടങ്ങിയ പാലങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ കീഴിലുള്ള എറണാകുളം-ബോൾഗാട്ടി പാലത്തിന്റെ ഉപരിതലം റീ സർഫേസിങ് നടത്തുകയും, അപ്രോച്ച് റോഡ് പേവിങ് ടൈൽ വിരിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതും, ബോൾഗാട്ടി-വല്ലാർപ്പാടം, വല്ലാർപ്പാടം-വൈപ്പിൻ പാലങ്ങളിലെ കുഴികൾ താൽക്കാലികമായി അടച്ചിട്ടുള്ളതും, ശാശ്വത പരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം, കാക്കനാട് -ന് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി രേഖാമൂലം കത്ത് നല്കിയിട്ടുള്ളതുമാണ്. |
| (ബി) | ഈ വിഷയം സംബന്ധിച്ച് 31.03.2022-ലെ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 32-ാമത് ജനറൽ കൗൺസിൽ യോഗത്തിൽ പ്രസ്തുത പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന്, ജിഡ 32 -ാമത് ജനറൽ കൗൺസിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (സി) | ഇത് സംബന്ധിച്ച കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഉണ്ട്. ഗോശ്രീദ്വീപ് വികസന അതോറിറ്റി സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ